കേരള സർക്കാർ

( സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവൽസര പദ്ധതി–പദ്ധതി രൂപീകരണ ചെലവുകൾ–പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

-----------------------------------------------------------------------------------------

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

ജി.ഒ. (എം.എസ്) നംപർ. 60/2002/ പ്ലാനിംഗ് തിരുവനന്തപുരം, 13/12/2002

-----------------------------------------------------------------------------------------

പരാമർശം. 1. 18/07/2002–ലെ ജി.ഒ(എം..എസ്) 29/2002/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

2. 24/09/2002–ലെ ജി.ഒ.(എം.എസ്) 40/2002/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

3. 22/10/2002/–ലെ ജി.ഒ(ംഎ.എസ്) 47/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവൽസര പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് 2002–2003–ലെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവാക്കുന്നതിന് നിശ്ചയിച്ചിരുന്ന തുകയുടെ പരിധി പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മുഖേന വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അത് പ്രകാരം ആകെ പദ്ധതി വിഹിതത്തിന്റെ ഒരു ശതമാനം എന്ന പരിധിക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾ, ബ്ളോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് പരമാവതി 75,000 രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി 1,00,000 രൂപ വരെയും കോർപ്പറേഷനുകൾക്ക് പരമാവധി 1,25,000 രൂപ വരെയും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി വിഹിതത്തിന്റെ ഒരു ശതമാനം തുക 50,000 രൂപയിൽ കുറവായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 50,000 രൂപ വരെയും ചെലവഴിയ്ക്കുന്നതിന് പരാമർശം മൂന്നിലെ സർക്കാർ ഉത്തരവ് മുഖേന അനുമതി നൽകിയിട്ടുണ്ട്.

2. എന്നാൽ കാസർകോട്, ഇടുക്കി ജില്ലകളിലെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി രേഖയും അനിവാര്യ പ്രമാണങ്ങളും യഥാക്രമം കന്നട ഭാഷയിലും തമിഴ് ഭാഷയിലും കൂടി തയ്യാറാക്കേണ്ടതിനാൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരിധിയുടെ 50 ശതമാനവും ആ ജില്ലകളിലേതുൾപ്പെടെ സംസ്ഥാനത്തെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ 25 ശതമാനവും കൂടുതലായി പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് ചെലവഴിയ്ക്കുവാൻ അനുവദിക്കേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

3. കോർഡിനേഷൻ സമിതിയുടെ ശുപാർശ ഗവൺമെന്റ് വിശദമായി പരിശോധിച്ചതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക്2002–2003 ധനകാര്യ വർ+ഷം പരമാവധി ചെലവാക്കാവുന്ന തുക ചുവടെ വിവരിക്കുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4. കാസർകോഡ് ജില്ലയിൽ കന്നട ഭാഷയിലും ഇടുക്കി ജില്ലയിൽ തമിഴ് ഭാഷയിലും കൂടി പത്താം പഞ്ചവൽസര പദ്ധതി രേഖയും അനിവാര്യ പ്രമാണങ്ങളും തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്കായി സൂചനയിലെ ഉത്തരവുകൾ പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ അനുവദിക്കപ്പെട്ടിട്ടില്ല തുകയുടെ 50 ശതമാനം വരെയും കാസർകോഡ് ഇടുക്കി ജില്ലകളിലേതുൾപ്പെടെയുള്ള സംസ്ഥാനത്തെ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള പരിധിയുടെ 25 ശതമാനം വരെയും കൂടുതലായി ഇതിനായി ചെലവഴിയ്ക്കാവുന്നതാണ്.

5. മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാന
ഗവൺമെന്റ് സെക്രട്ടറി(ആസൂത്രണം

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയർക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി ഗ്രാമ വികസനം
5. ഗവൺമെന്റ് സെക്രട്ടറി തദ്ദേശ സ്വയംഭരണം(Rural)
6. ഗവൺമെന്റ് സെക്രട്ടറി തദ്ദശ സ്വയംഭരണം(Urban)
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. ഡറക്ടർ പബ്ളിക് റിലേഷൻസ് വകുപ്പ്(അടിയന്തിര പത്രക്കുറുപ്പിന്)
9. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴ്സൺമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
11. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ കോർപ്പറേഷനുകളിലെയും മേയർമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ മുനിസിപ്പാലിറ്റികളിലെയും ചെയർപേഴ്സൺമാര്ക്കും സെക്രട്ടറിമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
5. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
6. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
7. തദ്ദേശസ്വയംഭരണ വകുപ്പ്
8. ഗ്രാമ വികസന വകുപ്പ്
9. ആസൂത്രണ വകുപ്പ്